(ഡി) ഉണ്ടെങ്കിൽ അതിന് രൂപം നൽകുന്നതിനായി ഒരു ഹൈപവർ കമ്മിറ്റി രൂപീകരിക്കുമോ?

ഉത്തരം

(എ—ഡി) വിവരം ശേഖരിച്ചുവരുന്നു.

കാസർഗോഡ് ജില്ലയുടെ സമഗ്രവികസനം

113. [113] ശ്രീ. സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പിന്നോക്ക ജില്ലയായ കാസർകോഡ് ജില്ലയുടെ സമഗ്ര വികസനത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുചേർത്ത ഉന്നതതല യോഗത്തിന്റെ തുടർ നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) ജില്ലയുടെ സമഗ്രവികസനത്തിനുവേണ്ടി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയുടെ സമഗ്രവികസനത്തിനായി വിവിധ വകുപ്പുകളുടെ ജില്ലാ തലവൻമാരുമായി ആസൂത്രണ സാമ്പത്തിക കാര്യ സെക്രട്ടറി പ്രാഥമിക ചർച്ച നടത്തുകയും ജില്ലാതല അദ്ധ്യക്ഷന്മാരും വകുപ്പദ്ധ്യക്ഷന്മാരുമായി മുഖ്യമന്ത്രി ചർച്ച നടത്തുകയും ചെയ്തു. പ്രസ്തുത ചർച്ചകളുടെ അടിസ്ഥാനത്തിൽ കാസർഗോഡ് ജില്ലയിലെ ജനപ്രതിനിധികൾ വിവിധ വകുപ്പുകളുടെ ജില്ലാതലവൻമാർ, വകുപ്പദ്ധ്യക്ഷന്മാർ വകുപ്പ് സെക്രട്ടറിമാർ എന്നിവരുമായി ഒരു ഉന്നതല യോഗം 5-12-2005-ൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേരുകയും വിവിധ വികസന പദ്ധതികളെക്കുറിച്ച് ചർച്ച ചെയ്തു തീരുമാനിക്കുകയും ചെയ്തു.

(ബി) പ്രസ്തുത യോഗത്തിലെ തീരുമാനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കാൻ വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

റോഡപകടങ്ങൾ

114. [114] ശ്രീ. ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 ജനുവരി മുതൽ 2006 ജനുവരി വരെ സംസ്ഥാനത്ത് റോഡപകടങ്ങൾമൂലം എത്ര പേർ മരണമടഞ്ഞിട്ടുണ്ട്:

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത കാലയളവിൽ ഓരോ വർഷവും അപകടങ്ങളിൽപ്പെട്ട ഇരു ചക്രവാഹനങ്ങൾ, സ്വകാര്യ കാറുകൾ, സർക്കാർ കാറുകൾ, സ്വകാര്യ ബസ്സുകൾ, സർക്കാർ ബസ്സുകൾ, ലോറികൾ, ടിപ്പറുകൾ, മറ്റുവാഹനങ്ങൾ എന്നിവ എത്രവീതമെന്ന് വ്യക്തമാക്കാമോ;

(സി) വാഹന അപകടങ്ങൾ ജില്ല തിരിച്ച് എത്രവീതമാണെന്നും ഹൈവേകളിൽ എത്രയാണെന്നും നഗരാതിർത്തികളിൽ എത്രയെന്നും ഹൈറേഞ്ചുകളിൽ എത്രയെന്നും ഗ്രാമങ്ങളിൽ എത്രയെന്നും വെളിപ്പെടുത്തുമോ;

(ഡി) വാഹനാപകടങ്ങളിൽപ്പെടുന്നവരിൽ മദ്യ ലഹരിയിൽ വാഹനമോടിച്ചവർ എത്രയെന്നും, അതിവേഗതമൂലം അപകടത്തിൽപ്പെട്ടവർ എത്രയെന്നും, റോഡിലെ കുണ്ടും, കുഴിയും കാരണം അപകടത്തിൽപ്പെട്ടവർ എത്രയെന്നും, ശരിയായ ഡ്രൈവിംഗ് ലൈസൻസ് ഇല്ലാതിരുന്നവർ എത്രയെന്നും, ഇതിൽ വനിതകൾ എത്രയെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 2001 ജനുവരി മുതൽ 2005 ഡിസംബർ 31വരെ 14779 പേർ റോഡപകടങ്ങളിൽ മരണമടഞ്ഞിട്ടുണ്ട്.

		2001	2002	2003	2004	2005
(ബി)	ഇരുചക്രവാഹനങ്ങൾ	15765	17230	17970	20197	19556
	സ്വകാര്യ കാറുകൾ	5596	5811	6473	6894	7161
	സർക്കാർ കാറുകൾ	35	36	36	30	54
	സ്വകാര്യ ബസ്സുകൾ	5571	5201	4926	4881	4426
	സർക്കാർ ബസ്സുകൾ	1613	1380	1299	1346	1601
	ലോറികൾ	2083	2244	2416	2434	2219
	ടിപ്പർ ലോറികൾ	368	491	464	517	793
	മറ്റുവാഹനങ്ങൾ	15618	15869	14361	14670	15409

(സി) വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ഡി) മദ്യ ലഹരിയിൽ വാഹനമോടിച്ചവർ .. 4092
അതിവേഗതമൂലം അപകടത്തിൽപ്പെട്ടവർ .. 144942
കുണ്ടുംകുഴിയും കാരണം അപകടത്തിൽപ്പെട്ടവർ .. 2560
ശരിയായ ഡ്രൈവിംഗ് ലൈസൻസ് ഇല്ലാതിരുന്നവർ .. 2842
വനിതകൾ .. 1401

† അനുബന്ധം XVII.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം XVII

[6-2-2006-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 114 (114) ദയവായി കാണുക]

ജില്ലകൾ	ആകെ വാഹന അപകടങ്ങൾ	ഹൈവേയിൽ നടന്നവ	നഗരങ്ങളിൽ നടന്നവ	ഗ്രാമങ്ങളിൽ നടന്നവ
Trivandurm City	9808	2382	9413	395
Trivandurm RL	14467	4669	3290	11177
Kollam	16135	7978	986	15149
Pathanamthitta	7803	1856	1423	6380
Alappuzha	18071	7524	3211	12860
Kottayam	15174	3537	3567	11587
Eranakulam City	15252	7787	8279	6973
Eranakulam RL	21383	7604	6867	14516
Idukki	5456	2053	573	4883
Trissur	22684	9735	2641	20043
Palakkad	11156	6676	876	10280
Malappuram	12550	5273	4612	7938
Kozhikkode City	9012	5436	7284	1728
Kozhikkode RL	7793	4361	689	7104
Wayanadu	2821	1276	433	2388
Kannur	8045	3545	1241	8804
Kasarakodu	3905	2131	1122	2783
Railways	1	0	0	1
State Total	199516	83713	56527	142989

LIBRARY ARCHIVES Kerala Legislative Assembly